വനംവകുപ്പുമായി ബന്ധപ്പെട്ടുകൊണ്ട് കൈക്കൊള്ളാൻ വ്യവസായ വകുപ്പ് ആഗ്രഹിക്കുന്നുണ്ടോ?

ശ്രീമതി സുശീലാ ഗോപാലൻ : ഞാൻ നേരത്തെ തന്നെ പറഞ്ഞുകഴിഞ്ഞതാണ്. വനം വകുപ്പുമായി ബന്ധപ്പെട്ട് ഇക്കാര്യത്തിൽ എന്തു ചെയ്യാൻ സാധിക്കുമെന്ന് പരിശോധിക്കാം.

ശ്രീ. ആര്യാടൻ മുഹമ്മദ് : സഹകരണമേഖലയിലും അല്ലാതെയും ചെറുകിടക്കാർ നടത്തിവരുന്ന ഈ വ്യവസായത്തിന് ടാക്സ് നിലവിലുണ്ട്. 1999-2000-ത്തിലെ ബഡ്ജറ്റിൽ സോഫ്റ്റ്വെയർ, ഹാർഡ്വെയർ തുടങ്ങിയ വ്യവസായങ്ങളെയൊക്കെ ടാക്സിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്. ആയിരക്കണക്കിന് ആളുകൾ ജോലി ചെയ്യുന്നതാണ് ഈ മേഖല. ഇത് പരിഗണിച്ച് ഈ വ്യവസായത്തെ ടാക്സിൽനിന്നും ഒഴിവാക്കാനുള്ള നടപടി കൈക്കൊള്ളാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീമതി സുശീലാ ഗോപാലൻ : സംസ്ഥാനത്തിന്റെ വരുമാനമാർഗ്ഗം, പ്രത്യേകിച്ചും സെയിൽസ് ടാക്സും മറ്റും കുറഞ്ഞുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ഇതിൽ ചില പരിമിതികൾ ഉണ്ട്. എങ്കിലും സബ്സിഡി കടം എടുത്തു കൊടുക്കാൻ തീരുമാനിച്ചിരിക്കുകയാണ്. അവരുടെ സാധനങ്ങൾ വിപണനം ചെയ്യുന്നതിന് സിഡ്കോ വഴി പ്രത്യേക ഏർപ്പാടുകൾ ചെയ്തുവരുന്നുണ്ട്. അതിനുള്ള നടപടികൾ നടക്കുകയാണ്. കുറച്ചെടുത്ത് ഇപ്പോൾ വിതരണം ചെയ്യുന്നു. അതുകൂടാതെ അവർക്ക് ഒരു ബിൽ ഡിസ്കൗണ്ടിംഗ് ഫെസിലിറ്റി കൂടെ സിഡ്കോ ഉണ്ടായിട്ടുണ്ട്. ചെറുകിട വ്യവസായികളുടെ പ്രശ്നങ്ങൾ പരമാവധി ദൂരീകരിക്കാൻവേണ്ടിയുള്ള നടപടികൾ എടുത്തുവരികയാണ്. സാമ്പത്തികമായി ബുദ്ധിമുട്ടുകൾ ഉണ്ടെങ്കിലും പരിഹരിക്കുന്നതാണ്.

മി.സ്പീക്കർ : യേസ്, ചോദ്യം 472, ശ്രീ.എം. മുരളി,....ബഹു.വ്യാവസായ വകുപ്പുമന്ത്രി.

ഖാദിയുടെ ചില്ലറ വില്പനയ്ക്ക് നൽകിയിരുന്ന റിബേറ്റ് നിർത്തലാക്കൽ

2 (*472) ശ്രീ. എം. മുരളി :
ശ്രീ. വി. ബാലറാം :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ഡോ. എം.എ. കുട്ടപ്പൻ :
ശ്രീ. പി.ജെ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഖാദി ഗ്രാമവ്യവസായ കമ്മീഷൻ ഖാദിയുടെ ചില്ലറ വില്പനയ്ക്കു നൽകിയിരുന്ന റിബേറ്റ് നിർത്തൽ ചെയ്തിട്ടുണ്ടോ; എങ്കിൽ എന്നുമുതൽ;

(ബി) ഇതുമൂലം ഖാദിയുടെ വില്പനയിൽ സാരമായ കുറവുണ്ടായിട്ടുണ്ടോ;

(സി) അതുമൂലം ഖാദി ഉല്പാദനം കുറയുകയോ നിർത്തുകയോ ചെയ്യുവാൻ ഖാദി സൊസൈറ്റികളും ഖാദി ഉല്പാദിപ്പിക്കുന്ന മറ്റുയൂണിറ്റുകളും നിർബന്ധിതമായിട്ടുള്ളതായി അറിയുമോ;

(ഡി) എങ്കിൽ എത്ര ഖാദി തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെട്ടു എന്നു വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഖാദി ഗ്രാമ വ്യവസായ കമ്മീഷനിൽനിന്നും ഖാദി തുണിക്ക് നൽകിയിരുന്ന റിബേറ്റ് നിർത്തൽ ചെയ്തതുമൂലം തൊഴിൽരഹിതരാകുന്ന വരുടെ താൽപര്യം പരിഗണിച്ച് റിബേറ്റ് തുടർന്നു നൽകുവാൻ കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുമോ;

(എഫ്) ഖാദി ഗ്രാമവ്യവസായ കമ്മീഷൻ റിബേറ്റ് നൽകാത്തപക്ഷം സംസ്ഥാന ഗവൺമെന്റ് ഈ റിബേറ്റ് നൽകുവാൻ നടപടി എടുക്കുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) :

(എ) കേന്ദ്രസർക്കാരിന്റെ 1999-2000-വർഷത്തിലേക്കുള്ള റിബേറ്റ് പോളിസി പ്രഖ്യാപിക്കാത്തതുമൂലം 1.4.1999 മുതൽ ഖാദിക്ക് അഖിലേന്ത്യാ ഖാദി കമ്മീഷൻ നൽകി വരുന്ന റിബേറ്റ് നിലവിലില്ല.

(ബി) ഉണ്ട്.

(സി) ഖാദി കമ്മീഷൻ നല്കിവരുന്ന റിബേറ്റ് നിർത്തലാക്കിയതി നാൽ ഖാദി സൊസൈറ്റികളും യൂണിറ്റുകളും ഉല്പാദനം കുറയ്ക്കാൻ നിർബ ന്ധിതമായിട്ടുണ്ട്.

(ഡി) 2324 തൊഴിലാളികൾക്ക് തൽക്കാലത്തേക്ക് തൊഴിൽ ഇല്ലാതാ യിട്ടുണ്ട്.

(ഇ) നിർത്തലാക്കിയ റിബേറ്റ് പുനഃസ്ഥാപിക്കുവാൻ കേന്ദ്രസർക്കാ രിനോടും അഖിലേന്ത്യാ ഖാദി ഗ്രാമവ്യവസായ കമ്മീഷനോടും ആവശ്യപ്പെട്ടി ട്ടുണ്ട്.

(എഫ്) സംസ്ഥാന സർക്കാർ നൽകിവരുന്ന 10 ശതമാനം റിബേറ്റ് തന്നെ സംസ്ഥാനത്തിന്റെ സാമ്പത്തിക ഞെരുക്കംമൂലം ഖാദി ബോർഡിന് കൂടിശ്ശികയാണ്. ഈ സാഹചര്യത്തിൽ കേന്ദ്രസർക്കാർ അനുവദിക്കേണ്ട റിബേറ്റ് കൂടി സംസ്ഥാന സർക്കാരിന് നൽകാൻ കഴിയുകയില്ല.

പക്ഷെ ഗുണകരമായ ഒരു മെസേജ് ഇന്നലെ വൈകുന്നേരം കേന്ദ്ര ഗവൺമെന്റിൽനിന്ന് കിട്ടിയിട്ടുണ്ട്. 14.7.1999-ലെ നമ്പർ ഡി.കെ.സി റിബേറ്റ് പോളിസി/ 1999-2000, കത്ത് പ്രകാരം 14.7.1999 മുതൽ 31.12.1999 വരെയുള്ള റിബേറ്റ് പോളിസി പ്രഖ്യാപിച്ചിട്ടുണ്ട്. കോട്ടൺഖാദി, വുള്ളൻഖാദി, സ്പൺസിൽക്ക്, പോളീവസ്ത്രങ്ങൾ എന്നിവയ്ക്ക് 10 ശതമാനം സാധാരണ റിബേറ്റും റീൽസ് സിൽക്ക് ഉൾപ്പെടെയുള്ള ഖാദിക്ക് 90 ദിവസത്തേക്ക് 10 ശതമാനം സ്പെഷ്യൽ റിബേറ്റും ഖാദികമ്മീഷൻ അനുവദിച്ചിട്ടുണ്ട്. ഇതിൽ 90 ദിവസത്തേതിൽ ആദ്യ സ്പെല്ലായി ഓണം പ്രമാണിച്ച് 32 ദിവസത്തേക്ക് ജൂലായ് 19 മുതൽ ഓഗസ്റ്റ് 24 വരെ സ്പെഷ്യൽ റിബേറ്റ് അനുവദിച്ച് ഉത്തര വായിട്ടുണ്ട്.

മി. സ്പീക്കർ : ഇപ്പോൾ പറഞ്ഞ ഉത്തരത്തിലെ (എഫ്) വിഭാഗ ത്തിലെ മറുപടി ഇവിടെ എഴുതിതന്നതിൽ ഇത് ഉൾക്കൊള്ളിച്ചിട്ടില്ലല്ലോ?

ശ്രീമതി സുശീലാ ഗോപാലൻ : ഇല്ല, ഇന്നലെ വൈകുന്നേരമാണ്. കേന്ദ്രത്തിൽനിന്നുള്ള ഈ ഇൻഫർമേഷൻ കിട്ടിയത്. അതുകൊണ്ട് തയാറാ ക്കിയ ഉത്തരത്തിന്റെ കൂട്ടത്തിൽ ഈ ഭാഗം ഉൾക്കൊള്ളിക്കാൻ കഴിഞ്ഞിട്ടില്ല. എന്നാൽ അതിന്റെ കോപ്പി ഇതിനോട് ചേർത്തിട്ടുണ്ട്.

ശ്രീ. എം. മുരളി : സർ, ഇവിടെ ഖാദിക്ക് റിബേറ്റ് പ്രഖ്യാപിച്ചതിനെ ക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി. എനിക്ക് തോന്നുന്നത്,

LIBRARY ARCHIVES Kerala Legislative Assembly

കേരളം ഉൾപ്പെടെയുള്ള സംസ്ഥാനങ്ങളിൽനിന്നുള്ള കടുത്ത സമ്മർദ്ദത്തിന്റെ ഫലമായിട്ടാണ് ഇപ്പോൾ 31.12.1999 വരെയുള്ള കാലയളവിലേക്ക് റിബേറ്റ് പ്രഖ്യാപിച്ചിട്ടുള്ളതെന്നാണ്. പക്ഷെ ഖാദി കമ്മീഷൻ താൽക്കാലികമായി എടുത്ത ഒരു തീരുമാനമായിരിക്കാം ഇത് എന്നുവേണം കരുതാൻ. നമ്മുടെ ദേശീയതയുടെ പ്രതീകമായ ഖാദിക്ക് അതിന്റെ പ്രചരണത്തിലേക്ക് ഉണ്ടാക്കിയ കേന്ദ്ര ഖാദി കമ്മീഷൻ ഖാദി വ്യവസായത്തെ ഇല്ലാതാക്കാനുള്ള ശ്രമങ്ങളാണ് നടത്തിക്കൊണ്ടിരിക്കുന്നത്. ഇതിപ്പോൾ ആദ്യമായിട്ടല്ല ഖാദിയുടെ റിബേറ്റ് നിർത്തിയത്. മുമ്പും പല തവണ റിബേറ്റ് നിർത്തലാക്കിയിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ ഈ നയത്തിനെതിരെ, അഴിമതിയുടെ കൂത്തരങ്ങായി മാറിയിരിക്കുന്ന കേന്ദ്ര ഖാദി കമ്മീഷൻ നടത്തുന്ന തെറ്റായ നടപടികൾക്കെതിരെ, താൽക്കാലികമായ ഒരാശ്വാസമുണ്ടായി എങ്കിലും സ്ഥിരമായി ആ റിബേറ്റ് കൊടുപ്പിക്കാൻ സംസ്ഥാന ഗവൺമെന്റ് മറ്റു സംസ്ഥാനങ്ങളുമായി ഇക്കാര്യത്തിൽ കൈകോർത്തുപിടിച്ചുകൊണ്ട് കേന്ദ്രത്തിലേക്ക് സമ്മർദ്ദം ചെലുത്താൻ വേണ്ട മുൻകൈയെടുക്കുമോ?

<u>ശ്രീമതി സുശീലാ ഗോപാലൻ</u>: ഇപ്പോൾ പൊതുവിൽ കേന്ദ്ര ഗവൺമെന്റ്.....കോൺഗ്രസ്സിന്റെ ഭരണകാലം മുതൽ തുടങ്ങിയതാണ് റിബേറ്റ് അതുപോലെയുള്ള കാര്യങ്ങൾ നിർത്തിവയ്ക്കുന്നതിനുള്ള നടപടികൾ..... (ബഹളം).....

<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u> : എന്തുപറഞ്ഞാലും അതിനൊക്കെയുള്ള ഉത്തരവാദിത്വം കോൺഗ്രസ് ഗവൺമെന്റിന്റെമേൽ കെട്ടിവയ്ക്കുന്നത് ശരിയായ നടപടിയല്ല, എത്രയോ സർക്കാരുകൾ കേന്ദ്രത്തിൽ അടുത്തകാലത്ത് ഭരണം നടത്തിയിരുന്നു. അക്കാലത്തൊക്കെ ഈ റിബേറ്റുകളൊന്നും മുടക്കമില്ലാതെയാണോ അനുവദിച്ചുകൊണ്ടിരിക്കുന്നത്?

<u>ശ്രീമതി സുശീലാഗോപാലൻ</u> : ഞാൻ പൊതുവേയുള്ള കാര്യമാണ് പറഞ്ഞത്. റിബേറ്റുകളും സബ്സിഡികളുമൊക്കെ കേന്ദ്രഗവൺമെന്റ് കുറച്ചുകൊണ്ടിരിക്കുകയാണ്. ഖാദിയുടെ മാത്രമല്ല കൈത്തറിയുടെ റിബേറ്റ് എന്നേ നിർത്തി..... (ബഹളം)..... ഞാൻ പറയട്ടെ, കൈത്തറിയുടെ റിബേറ്റ് നിർത്തിയിട്ട് വളരെക്കാലമായി..... (ബഹളം).....

ഇപ്പോൾ കൊടുക്കുന്ന റിബേറ്റ് അത് നമ്മുടെ സംസ്ഥാന ഗവൺമെന്റ് കൊടുക്കുന്ന റിബേറ്റാണ്, അതു നമ്മൾ കണ്ടിന്യൂ ചെയ്യുന്നുവെന്ന് മാത്രമേയുള്ളൂ. കേന്ദ്രഗവൺമെന്റ് റിബേറ്റ് തരുന്നില്ല. അത് കോൺഗ്രസ് ഗവൺമെന്റിന്റെ കാലത്താണ് നിർത്തലാക്കിയത്. അവർ വിളിച്ചുകൂട്ടിയ യോഗത്തിൽവച്ച് അന്ന് ഞാൻ ആ നയത്തെ ശക്തിയായി എതിർത്തിട്ടുണ്ട്. അതുകൊണ്ട് അക്കാര്യത്തിൽ തർക്കമൊന്നുമില്ല. റിബേറ്റ് തുടർന്നും അനുവദിക്കേണ്ടതിനുവേണ്ടി ഇനിയും സമ്മർദ്ദം ചെലുത്തും. ഇനിയിപ്പോൾ ഇലക്ഷൻ നടന്ന് പുതിയ ഗവൺമെന്റ് കേന്ദ്രത്തിൽ അധികാരത്തിൽവന്നാലും ആ സമയത്ത് റിബേറ്റ് അനുവദിക്കുന്ന കാര്യത്തിനായിട്ട് ശക്തമായ സമ്മർദ്ദം ചെലുത്തി വേണ്ട കാര്യങ്ങൾ ചെയ്യാൻ ശ്രമിക്കാം.

<u>ശ്രീ. എം. മുരളി</u> : സർ, കോൺഗ്രസ്സിന്റെ ഭരണകാലത്തും വളരെക്കാലം ഖാദിക്ക് റിബേറ്റ് കൊടുത്തിരുന്നു. ആ കൊടുത്തിരുന്ന റിബേറ്റ് ഒന്നും നിർത്തലാക്കിയിട്ടില്ല. എന്നാൽ ശ്രീ. വി.പി. സിംഗിന്റെ ഗവൺമെന്റ് കേന്ദ്രത്തിൽ അധികാരത്തിൽ വന്നപ്പോഴാണ് ആദ്യമായിട്ട് ആ റിബേറ്റ് നിർത്തലാക്കിയത്. ഞാൻ ഇക്കാര്യം അങ്ങയുടെ അറിവിലേക്കായി പറഞ്ഞതാണ്. ഇപ്പോൾ കഴിഞ്ഞ മൂന്നുമാസക്കാലംകൊണ്ട് ഏപ്രിൽ ഒന്നുമു

LIBRARY ARCHIVES Kerala Legislative Assembly

തൽ കേന്ദ്ര ഗവൺമെന്റ് റിബേറ്റ് നിർത്തലാക്കിയതുമുതൽ 2324 തൊഴിലാളികൾക്ക് അവരുടെ തൊഴിൽ നഷ്ടപ്പെട്ടു, അതുപോലെ പല സൊസൈറ്റികൾക്കും യൂണിറ്റുകൾക്കും അവയുടെ ഉൽപ്പാദനം കുറയ്ക്കേണ്ടിവന്നു എന്നും അങ്ങ് പറഞ്ഞു. എന്നാൽ ഇതിന് വേറൊരു പ്രതിഫലനംകൂടി ഉണ്ടായിട്ടുണ്ട്. തമിഴ്നാട് ഉൾപ്പെടെയുള്ള മറ്റു സംസ്ഥാനങ്ങളിൽനിന്നും അവിടങ്ങളിൽ ഉല്പാദിപ്പിക്കുന്ന കള്ള ഖാദി എന്നുവിശേഷിപ്പിക്കാവുന്ന ഖാദിവസ്ത്രങ്ങൾ കേരളത്തിൽ പ്രവഹിച്ചുകൊണ്ടിരിക്കുകയാണ്. ആ പ്രവാഹം കൂടാൻ മാത്രമേ ഇപ്പോഴത്തെ നടപടി കാരണമായുള്ളൂ. ഞങ്ങളാരും കള്ളഖാദി ഉപയോഗിക്കുന്നവരല്ല, അതുകൊണ്ട് കള്ളഖാദിയുടെ വരവ് തടയാനും അതുപോലെ നമ്മുടെ ആഭ്യന്തര ഉൽപ്പാദനരംഗത്ത് പ്രവർത്തിക്കുന്ന യൂണിറ്റുകളുടെ നിലനിൽപ്പ് ഉറപ്പുവരുത്താനും വേണ്ട ഫലപ്രദമായ നടപടികൾ സ്വീകരിക്കുവാൻ ഗവൺമെന്റ് തയ്യാറാക്കുമോ?

<u>ശ്രീമതി സുശീലാഗോപാലൻ</u> : നമ്മുടെ സംസ്ഥാന ഗവൺമെന്റ് കൊടുത്തുകൊണ്ടിരിക്കുന്ന 10 ശതമാനം റിബേറ്റ് കൊടുത്തുകൊണ്ട് ഖാദിയുടെ വിൽപ്പന ഇപ്പോഴും നടക്കുന്നു. പക്ഷേ 20 ശതമാനം റിബേറ്റ് കൊടുത്ത് വിൽക്കുന്ന അത്രയും കാണ്ടിറ്റി 10 ശതമാനം റിബേറ്റ് കൊടുത്തുകൊണ്ട് വിൽക്കാൻ കഴിയുകയില്ല. അങ്ങനെയാണ് പ്രതിസന്ധിയുണ്ടായത്. വലിയ സമ്മർദ്ദം ചെലുത്തിയതിന്റെ ഫലമായി ഇപ്പോൾ എന്തായാലും റിബേറ്റ് 20% എന്നു അംഗീകരിച്ചിട്ടുണ്ട്. കള്ളഖാദി തമിഴ്നാട്ടിൽനിന്ന് വരുന്നതിനെ സംബന്ധിച്ച്, അതിനെ റെസ്ട്രിക്റ്റു ചെയ്യാനായി എന്തുചെയ്യാൻ കഴിയുമെന്ന് പരിശോധിക്കാം. അതിനെല്ലാം ചില നിയമങ്ങളും ചട്ടങ്ങളുമൊക്കെയുണ്ട്. എന്തായാലും കള്ളഖാദിയുടെ വരവ് നിരോധിക്കാൻ കഴിയുമോയെന്ന കാര്യം.....

<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u> : അതിന്റെ വരവ് തടയണമെങ്കിൽ നമ്മുടെ ബോർഡർ സീൽ ചെയ്യേണ്ടിവരും. കൂടാതെ സ്പെഷ്യൽ ചെക്കിംഗും ഏർപ്പെടുത്തി ഇതു തടയാവുന്നതല്ലേയുള്ളൂ.

<u>ശ്രീമതി സുശീലാഗോപാലൻ</u> : ബോർഡർ സീൽ ചെയ്യുകയെന്ന് പറയുന്നത് അത്ര നിസ്സാരമായ കാര്യമല്ല. അതിനൊക്കെ പരിമിതികളുണ്ട്. ധനത്തിന്റെ കാര്യത്തിലും ഇത് ബുദ്ധിമുട്ട് ഉണ്ടാക്കുന്നു. അത് എന്തായാലും നമുക്ക് പരിശോധിക്കാവുന്നതാണ്.

<u>ശ്രീ. വി. ബാലറാം</u> : ഖാദി മേഖല എന്നുപറയുന്നത് നമ്മുടെ സംസ്ഥാനത്തെ ഏതാണ്ട് 25,000-ത്തിൽപരം പാവപ്പെട്ട തൊഴിലാളികളുടെ വയറ്റുപിഴപ്പിന്റെ പ്രശ്നമാണ്. ഇരുപത്തി അയ്യായിരത്തിൽപരം തൊഴിലാളികളിൽ ബഹുഭൂരിപക്ഷവും ഇന്ന് തൊഴിലില്ലാത്തവരായി മാറിയിരിക്കുകയാണ്. അവർ ജോലിചെയ്തിരുന്ന സെന്ററുകളിൽ പലതും അടച്ചുപൂട്ടിയിരിക്കുകയാണ്. അതുകൊണ്ട് എനിക്ക് ഒരു നിർദ്ദേശം വയ്ക്കാനുള്ളത്. നമ്മുടെ സംസ്ഥാന സർക്കാർ മാവേലിസ്റ്റോറുകൾവഴിയും നീതിസ്റ്റോറുകൾവഴിയും ഖാദി ഉൽപ്പന്നങ്ങൾ വിൽക്കാനുള്ള ഒരു സംരംഭം ആരംഭിച്ചാൽ ഖാദി ഉൽപ്പന്നങ്ങളുടെ വില്പന കുറേക്കൂടി കൂടുതലായി നടത്താൻ കഴിയും. അതുപോലെതന്നെ സംസ്ഥാന സർക്കാരിന് ആവശ്യമുള്ള ഒരു 25 ശതമാനത്തിനകത്ത് വരുന്ന ഉൽപ്പന്നങ്ങൾ ഖാദിമേഖലയിൽനിന്ന് വാങ്ങുന്നതിനുള്ള ഒരു തീരുമാനം സംസ്ഥാന ഗവൺമെന്റ് എടുക്കുമോ; അതിനെക്കുറിച്ചാലോചിച്ച് വേണ്ട നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : ഖാദി ബോർഡിന്റെ പഴയ വൈസ്-ചെയർമാനാണ് ചോദിക്കുന്നത്, നിർദ്ദേശം കൊള്ളാം.

ശ്രീമതി സുശീലാ ഗോപാലൻ : അങ്ങനെ എടുക്കുന്നതിൽ റെസിസ്റ്റൻസ് പൊതുവിൽ വരികയാണ്. പൊതുമേഖലാസ്ഥാപനങ്ങളുടെ കാര്യമെടുത്താൽ അത് അവർക്ക് ബുദ്ധിമുട്ടുണ്ടാക്കുമെന്നുള്ള തരത്തിൽ ഗവൺമെന്റ് തലത്തിൽവരെ അതിനെ സംബന്ധിച്ച് വളരെ ശക്തമായിട്ടുള്ള എതിർപ്പുകളാണുള്ളത്. ഇക്കാര്യത്തിൽ എന്താണ് ചെയ്യാൻ കഴിയുന്നതെന്നുള്ള കാര്യത്തെക്കുറിച്ച് പരിശോധിച്ച് മാത്രമേ തീരുമാനമെടുക്കാൻ കഴിയുകയുള്ളൂ. അക്കാര്യത്തിൽ ഇന്ന് പൊതുവിലുള്ള റെസിസ്റ്റൻസ് ഉണ്ട് അതാണ് സ്ഥിതി.

ശ്രീ. വി. ബാലറാം : നമ്മുടെ സംസ്ഥാനത്തെ ഖാദി മേഖല അനുഭവിച്ചുകൊണ്ടിരിക്കുന്ന സ്ഫോടനാത്മകമായിട്ടുള്ള സ്ഥിതിവിശേഷം പരിഹരിക്കുന്നതിന് നമ്മുടെ സംസ്ഥാന ഗവൺമെന്റ് 10% റിബേറ്റ് കൊടുക്കുന്നുണ്ടെങ്കിലും ആ സംഖ്യ കൊടുക്കുന്നതിൽ വളരെയേറെ കുടിശ്ശികയുണ്ട്. ഏതാണ്ട് അഞ്ചാറുകോടി രൂപ റിബേറ്റ് ഇനത്തിൽ നമ്മുടെ സംസ്ഥാനത്തെ ഖാദി സ്ഥാപനങ്ങൾക്ക് സർക്കാർ കൊടുക്കാൻ ബാക്കി കിടക്കുകയാണ്. അതുകൊണ്ട് അവർക്ക് കൊടുക്കാനുള്ള ആ റിബേറ്റ് കുടിശ്ശിക തുകയെങ്കിലും എത്രയുംവേഗം കൊടുത്തുകൊണ്ട് ഈ സ്ഥാപനങ്ങളെ അടച്ചുപൂട്ടൽ ഭീഷണിയിൽനിന്ന് രക്ഷിക്കാനുള്ള ശ്രമം സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകുമോ?

ശ്രീമതി സുശീലാ ഗോപാലൻ : ഇത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ള വിഷയമാണ്. ധനകാര്യവകുപ്പിന്റെ സാമ്പത്തികസ്ഥിതി അനുസരിച്ചാണ് ഇതെല്ലാം തന്നുകൊണ്ടിരിക്കുന്നത്. നേരത്തെയും ഇക്കാര്യത്തിൽ ചർച്ച നടന്നതാണ്. പണം ലഭിക്കുന്നതിന് ആവശ്യമായ സമ്മർദ്ദം ചെലുത്തുന്നതാണ്.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : സർ, ഖാദിവസ്ത്രം ധരിക്കുക എന്നത് ഇപ്പോൾ ഒരു ലക്ഷ്വറി ആയിട്ട് മാറിയിട്ടുണ്ട് എന്നാൽ ഇന്ന് ഖാദിയുടെ വില വളരെക്കൂടുതലാണ്. എന്നുമാത്രമല്ല അതിന്റെ മെയിന്റനൻസിനും കൂടുതൽ ശ്രദ്ധിക്കേണ്ടതായിട്ടുണ്ട്. ഖാദിവസ്ത്രങ്ങൾ ധരിച്ചാൽ അത് ഒരുദിവസം രണ്ടുതവണ മാറ്റേണ്ടതായിട്ടുള്ള അവസ്ഥയും നമുക്കുണ്ടാവുന്നുണ്ട്. അതുകൊണ്ട് ഖാദിയുടെ വിലകുറയ്ക്കുന്നതിന് ആവശ്യമായ സഹായം ഖാദി ഉൽപ്പാദിപ്പിക്കുന്ന യൂണിറ്റുകൾക്ക് ഗവൺമെന്റ് നേരിട്ടുതന്നെ കൊടുക്കാനുള്ള എന്തെങ്കിലും സംവിധാനമുണ്ടാക്കുന്നതിനെക്കുറിച്ച് ആലോചിക്കുമോ?

ശ്രീമതി സുശീലാ ഗോപാലൻ : ഖാദിയുടെ യഥാർത്ഥവില കുറയ്ക്കുന്നതിനുള്ള ഏകമാർഗ്ഗം ഇന്നത്തെ ചർക്കയിൽ നൂൽ നൂൽക്കുന്ന സമ്പ്രദായം മാറ്റുക എന്നുള്ളതാണ്. ഒരു അര ഹോഴ്സ് പവർ മോട്ടോർ വച്ചിട്ട് ഉല്പാദനം നടത്തിയാൽ വളരെ പ്രൊഡക്റ്റിവിറ്റി കൂടും, ആ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന പെൺകുട്ടികൾക്ക് ഒരു ദിവസം ഒരു പത്തറുപത് രൂപയെങ്കിലും കിട്ടുകയും ചെയ്യും. ഇക്കാര്യം ഞാൻ ബന്ധപ്പെട്ട സ്ഥലത്തെല്ലാം അവർ കൂടിയ യോഗങ്ങളിലെല്ലാം ശക്തിയായി പറഞ്ഞിട്ടുണ്ട്. പക്ഷെ മഹാത്മാഗാന്ധിയുടെ പേരുപറഞ്ഞ് അതിനെ എതിർക്കുന്ന മനോഭാവമാണുള്ളത്. ഞാൻ പറഞ്ഞു, ഇന്ന് മഹാത്മജി ജീവിച്ചിരുന്നുവെങ്കിൽ തീർച്ചയായിട്ടും ഈ കുഞ്ഞുങ്ങൾ ഇങ്ങനെ കഷ്ടപ്പെടാൻ സമ്മതിക്കുകയില്ലായിരുന്നു അതുകൊണ്ട് ഇതെല്ലാം മനസ്സിലാക്കി നിങ്ങൾ ആധുനികമാർഗ്ഗങ്ങളുപയോഗിച്ച് തൊഴിൽ ചെയ്യണമെന്ന് അവരോട് പറഞ്ഞിട്ടുണ്ട്. ഇപ്പോൾ കുറേ മാറ്റങ്ങൾ ചർക്കയിൽ വന്നി

LIBRARY ARCHIVES Kerala Legislative Assembly

ട്ടുണ്ട് ഇവിടെ നമ്മൾ നെയ്യാറ്റിൻകരയിൽ ഒരു സ്ഥാപനം ഇപ്പോൾ നടത്തുന്നുണ്ട്. മോട്ടോർവച്ച് വർക്ക് ചെയ്യുന്നുണ്ട്. അങ്ങനെ മോട്ടോർ വച്ച് വർക്ക് ചെയ്താൽ വാസ്തവത്തിൽ കുറച്ചു കോസ്റ്റ് ഓഫ് പ്രൊഡക്ഷൻ കുറയ്ക്കാനും ആ രീതിയിൽ ഖാദിക്ക് തന്നെ വില കുറയ്ക്കാനും കഴിയും. അതിനിപ്പോൾ റിബേറ്റ് ഒക്കെ കൊടുക്കൽ അല്ലാതെ മറ്റുമാർഗ്ഗങ്ങൾ വളരെകുറവാണ്.

<u>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ</u> : നമ്മുടെ സംസ്ഥാനത്തെ നിരവധി ഖാദി സെന്ററുകൾ മഴയത്ത് ചോർന്നൊലിക്കുന്നവയാണ്. അതിന്റെ ഫലമായി അനേകം ചർക്കകളും കേടായിരിക്കുകയാണ്. പത്ത് പതിനായിരത്തെട്ട് ചർക്കകൾ പ്രവർത്തിക്കാത്തവയാണ്. അത്തരത്തിലുള്ള യൂണിറ്റുകളുടെ മെയിന്റനൻസ് നടത്താനും പ്രവർത്തിക്കാത്ത ചർക്കകൾ വീണ്ടും പ്രവർത്തിപ്പിക്കാനും ആവശ്യമായ നടപടികൾ സ്വീകരിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ; ഇപ്പോൾ പല ഖാദി സെന്ററുകളിലും ആവശ്യത്തിന് പഞ്ഞി കിട്ടാനില്ല. അതുകൊണ്ട് അവർക്ക് പഞ്ഞി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് ഗവൺമെന്റ് തയാറാകുമോ?

<u>ശ്രീമതി സുശീലാ ഗോപാലൻ</u> : ചർക്കകൾ റിപ്പയർ ചെയ്യുന്നതിനും മറ്റുമുള്ള നടപടികൾ, അതിനുള്ള സൗകര്യങ്ങൾ ഇപ്പോൾതന്നെ ഉണ്ട്. അതിനാവശ്യമായ സഹായം ചെയ്യുന്നുണ്ട്.

<u>ഡോ. എം.എ. കുട്ടപ്പൻ</u> : ഖാദി വ്യവസായ സ്ഥാപനങ്ങൾ ഇന്ന് നേരിടുന്ന ഏറ്റവും വലിയ ബുദ്ധിമുട്ട് അതിന്റെ മാർക്കറ്റിംഗാണ്. അവിടെ ഉൽപ്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ ഫലപ്രദമായി വിറ്റഴിക്കാൻ അവർക്ക് കഴിയുന്നില്ല. അതുകൊണ്ട് ഉല്പന്നങ്ങൾ ധാരാളം കെട്ടിക്കിടക്കുകയാണ്. വില കൂടുതലാണെന്നതൊക്കെ അതിനൊരു കാരണമാണ്. അതുകൊണ്ട് എറണാകുളത്ത് നടത്തിയതുപോലുള്ള 'ഖാദി-ഫെസ്റ്റ്' സംസ്ഥാനത്ത് വ്യാപകമായി സംഘടിപ്പിക്കാനും അതോടൊപ്പം കെട്ടികിടക്കുന്ന ഉല്പന്നങ്ങൾ വിറ്റഴിക്കാനായി മാർക്കറ്റിംഗ് ഫെഡറേഷന്റെ മാതൃകയിൽ ഒരു സ്ഥിരം സംവിധാനം ഉണ്ടാക്കാനും ഗവൺമെന്റ് തയാറാകുമോ?

<u>ശ്രീമതി സുശീലാ ഗോപാലൻ</u> : ഖാദി ബോർഡ് തന്നെ ഇതിന്റെ വിപണനത്തിനായി പ്രദർശന സ്റ്റാളുകൾ നടത്തുകയും ഉല്പന്നങ്ങൾ വിറ്റഴിക്കാനുള്ള പരിശ്രമം നടത്തുകയുമൊക്കെ ചെയ്യുന്നുണ്ട്. അതിൽകൂടുതലായിട്ട് ചെയ്യേണ്ട കാര്യങ്ങൾ പരിശോധിച്ച് സാമ്പത്തികബാധ്യതയെല്ലാം പരിഗണിച്ച്, എങ്ങനെയാണ് ചെയ്യുന്നതെന്ന് നോക്കാം. ഇപ്പോൾത്തന്നെ നമ്മുടെ എല്ലാ പ്രദർശന സ്റ്റാളുകളിലും സ്ഥലങ്ങളിലും ഖാദിയുടെ ഉല്പന്നങ്ങൾ വില്ക്കുന്നുണ്ട്. അവരുടെ തന്നെ പ്രത്യേക ഏർപ്പാടുകളുണ്ട്. ഇപ്പോൾ ഓണക്കാലത്ത് നല്ല രീതിയിൽ അതിനുള്ള ഏർപ്പാടുകൾ ചെയ്യുന്നതാണ്. അതിൽകൂടുതലായിട്ട് എന്തെല്ലാം ചെയ്യാൻ കഴിയുമെന്നതിനെക്കുറിച്ച് പരിശോധിച്ച് വേണ്ടത് ചെയ്യാം.

<u>ഡോ. എം.എ. കുട്ടപ്പൻ</u> : നേരത്തെ ഇവിടെ ബഹുമാനപ്പെട്ട മന്ത്രി ഉത്തരം പറഞ്ഞകൂട്ടത്തിൽ പൊതുമേഖലാസ്ഥാപനങ്ങൾ ഖാദി ഉല്പന്നങ്ങൾ വാങ്ങുന്ന കാര്യത്തിൽ റെസിസ്റ്റൻസ് പ്രകടിപ്പിച്ചിട്ടുണ്ടെന്ന് പറയുകയുണ്ടായി. അങ്ങനെ റെസിസ്റ്റൻസ് കാണിച്ചിട്ടുള്ള പൊതുമേഖലാസ്ഥാപനങ്ങളോട് ഇക്കാര്യത്തെക്കുറിച്ച് സംസാരിച്ച് അതിന്റെ ഗൗരവം അവരെ പറഞ്ഞ് ബോധ്യപ്പെടുത്തി ആ റെസിസ്റ്റൻസ് ഒഴിവാക്കി ഖാദി ഉല്പന്നങ്ങൾ കൂടുത

LIBRARY ARCHIVES Kerala Legislative Assembly

ലായി വാങ്ങുവാൻ അവരിൽ പ്രേരണ ചെലുത്താനായി ഗവൺമെന്റ് നടപടി സ്വീകരിക്കുമോ?

ശ്രീമതി സുശീലാഗോപാലൻ : പൊതുമേഖലാ സ്ഥാപനങ്ങൾക്കും ഗവൺമെന്റ് സ്ഥാപനങ്ങൾക്കും അതുപോലെ ഗവൺമെന്റിനും ചില സ്ഥാപനങ്ങളുടെ എക്സ്ക്ലൂസീവ് പർച്ചേസിന് ഉള്ള സൗകര്യമുണ്ടായിരുന്നു. ആ സൗകര്യം കൊടുത്താലാണ് ചിലപ്പോൾ അവരുടേത് അല്പം വില കൂടുതലായിരിക്കും. എന്നാലോചിച്ചു നിൽക്കാൻ കഴിയും. അപ്പോൾ അതിനേക്കാൾ വിലകുറവുള്ള പ്രൈവറ്റ് കാർ ഇത്രയും കൂലിയൊന്നും കൊടുക്കാതെ ഉൽപ്പാദിപ്പിക്കുന്ന സാധനങ്ങൾ കുറഞ്ഞവിലയ്ക്ക് കൊടുക്കാൻ അവർക്ക് കഴിയും. അപ്പോൾ എക്സ്ക്ലൂസീവ് പർചേസിനുള്ള സൗകര്യം ഇപ്പോൾ സ്റ്റീൽകോംപ്ലക്സിന്റെ കാര്യത്തിൽതന്നെ വളരെ നീണ്ട ചർച്ചകൾക്കുശേഷം അവിടെ നിന്നുള്ള പർച്ചേസ് ഇപ്പോൾ ഏതാണ്ട് അവസാനമായി അംഗീകരിച്ചിട്ടുണ്ട്. അത് തന്നെ ചില വ്യവസ്ഥകളോടുകൂടിയാണ് അവസാനമായി അംഗീകരിച്ചിട്ടുള്ളത്. അങ്ങനെ കൊടുക്കുന്ന കാര്യത്തിൽ ഒരു റെലക്റ്റൻസ് വരുന്നത് ഇക്കാലത്തുണ്ട്. പൊതുമേഖലാസ്ഥാപനങ്ങളിൽനിന്നുള്ള ഉല്പന്നങ്ങൾ ഗവൺമെന്റും അതുപോലെതന്നെ പൊതുമേഖലാസ്ഥാപനങ്ങളും വാങ്ങണം. അതിനുള്ള ഏർപ്പാടുകളും ഗവൺമെന്റു ചെയ്യാൻ നന്നായിരിക്കും. പക്ഷെ ഇന്ന് പല ഡിപ്പാർട്ടുമെന്റുകളും അതിനെ റെസിസ്റ്റ് ചെയ്യുകയാണ് ചെയ്യുന്നത്.

ശ്രീ. പി.ജെ. ഫ്രാൻസിസ് : സർ, 25,000-ത്തോളം പേർ ജോലി ചെയ്യുന്ന പരമ്പരാഗതമേഖലയായ ഖാദിമേഖലയിലെ റിബേറ്റ് നിർത്തലാക്കിയതുകൊണ്ട് 2324 പേർക്ക് ജോലിയില്ലാതായി എന്ന് മന്ത്രി ഇവിടെ പറയുകയുണ്ടായി. അതുകൊണ്ട് ഈ പരമ്പരാഗത വ്യവസായം നിലനിർത്തുന്നതിനു വേണ്ടി ഭരത്ഭൂഷൺ കമ്മിഷൻ ശുപാർശ ചെയ്തിട്ടുള്ള കാര്യങ്ങൾ നടപ്പിലാക്കുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

ശ്രീമതി സുശീലാ ഗോപാലൻ : ഭരത് ഭൂഷൺ കമ്മിഷൻ ശുപാർശ ചെയ്തിട്ടുള്ള ചില വ്യവസ്ഥകൾ നടപ്പിലാക്കിയിട്ടുണ്ട്. ബാക്കിയുള്ള കാര്യങ്ങൾ, സാമ്പത്തികബാദ്ധ്യത കൂടുതലുള്ളത് നടപ്പിലാക്കാൻ വിഷമതകളുണ്ട്. അതേകുറിച്ച് പരിശോധിച്ചിട്ട് ചെയ്യാവുന്നതെല്ലാം ചെയ്തിട്ടുണ്ട്. ഇനിയും എന്തെങ്കിലും കൂടുതലായിട്ട് ചെയ്യാൻ കഴിയുമോയെന്ന് പരിശോധിച്ചു ചെയ്യാം.

ശ്രീ. പി.ജെ. ഫ്രാൻസിസ് : ഗാന്ധിസ്മാരക നിധിയുടെ കീഴിൽ പ്രവർത്തിക്കുന്ന സർവോദയസംഘങ്ങളും, ഖാദി അസോസിയേഷന്റെ കീഴിലുള്ള സംഘങ്ങളും ഖാദിബോർഡിന്റെ കീഴിലുള്ള സംഘങ്ങളുമാണ് ഇവിടെ ഖാദിയുടെ ഉല്പാദനം നടത്തുന്നത്. അവിടെ ഉല്പാദിപ്പിക്കപ്പെടുന്ന ഖാദി യാതൊരുവിധ മായവും ചേർക്കാത്ത ഖാദിയാണ്. അതുകൊണ്ട് മായം ചേർക്കാത്ത ഖാദി ഉല്പാദിപ്പിക്കുന്ന അത്തരം സംഘങ്ങളെ നിലനിർത്തുന്നതിനും മായമില്ലാത്ത ഖാദി ഞങ്ങൾക്കൊക്കെ ഉപയോഗിക്കുന്നതിന് അവസരമുണ്ടാക്കുന്നതിനുമായി മായംചേർത്ത ഖാദി ഉല്പന്നങ്ങളുടെ വില്പനയ്ക്ക് നിയന്ത്രണമേർപ്പെടുത്താൻ സർക്കാർ തയ്യാറാകുമോ?

ശ്രീമതി സുശീലാ ഗോപാലൻ : നേരത്തെതന്നെ ഞാൻ ഇതേക്കുറിച്ച് പറഞ്ഞു. ഇതിനെല്ലാം നിയന്ത്രണമേർപ്പെടുത്തണമെങ്കിൽ, അതിനാവശ്യമായിട്ടുള്ള കാര്യങ്ങൾ എങ്ങനെ ചെയ്യാൻ കഴിയുമെന്ന് പരിശോധിച്ച് മാത്രമേ ചെയ്യാൻ കഴിയൂ.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജി. സുധാകരൻ : കേന്ദ്ര ഖാദി കമ്മീഷനിൽനിന്നും കേരളാ ഖാദിബോർഡിൽനിന്നും വൻതോതിൽ ധനസഹായം വാങ്ങിയതിനുശേഷം ഖാദി ഉല്പാദനം നടത്താതെ ചെറുകിട വ്യവസായങ്ങൾ ആരംഭിക്കുകയും അത് ഇവിടെ പറഞ്ഞ കാരണങ്ങളാൽ അല്ലാതെ തന്നെ അടച്ചുപൂട്ടിയിട്ട് ആ ആവശ്യത്തിനുവേണ്ടി വാങ്ങിയ പണം മാറ്റാവശ്യങ്ങൾക്കുവേണ്ടി ഉപയോഗിക്കുകയും ചെയ്യുന്ന സംഭവങ്ങൾ വ്യാപകമായിരിക്കെ അത്തരം സംഭവങ്ങളെപ്പറ്റി കേരള വ്യവസായ വകുപ്പ് അന്വേഷിച്ചിട്ടുണ്ടോ; അത് അവസാനിപ്പിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

ശ്രീമതി സുശീലാ ഗോപാലൻ : ഇങ്ങനെയുള്ള പ്രശ്നങ്ങളുണ്ട്. അതു പണ്ടു മുതലേ തുടർന്നുവരുന്നതാണ്. ഖാദിബോർഡിൽനിന്ന് കാശ് കിട്ടിയാൽ അത് തിരിച്ചുകൊടുക്കേണ്ടതില്ല എന്ന ബോധം പൊതുവിൽ വളരെ ദീർഘകാലമായിട്ട് നിലനിൽക്കുന്നതാണ്. അത് പരിഹരിക്കുന്നതിനാവശ്യമായ നടപടികളാണ് വാസ്തവത്തിൽ എടുക്കേണ്ടത്. അതിന് ചില പരിമിതികളുണ്ടെങ്കിലും അന്ന് യഥാർത്ഥത്തിൽ സിക്ക് ആയിട്ടുള്ള സ്ഥാപനങ്ങളെ പുനരുദ്ധരിക്കുന്നതിനുള്ള ചില നടപടികൾ ഞങ്ങൾ എടുത്തിട്ടുണ്ട്. മറ്റുകാര്യങ്ങളിൽ, എങ്ങനെയാണ് കള്ളഖാദിയുടെ വരവ് തടയുക എന്ന കാര്യത്തിനായി നിയമനിർമ്മാണം നടത്തുവാൻ കഴിയുമോയെന്നുള്ള കാര്യവും പരിശോധിക്കാം.

മി. സ്പീക്കർ : ശ്രീമതി റോസമ്മ ചാക്കോ, അങ്ങ് ഖാദി ധരിക്കുന്ന ആളാണോ?

ശ്രീമതി റോസമ്മ ചാക്കോ : ഞാൻ എപ്പോഴും ഖാദി ധരിക്കുന്ന ആളാണ്. ഖാദി ഒരു കാലത്ത് ചില കോൺഗ്രസ്സുകാരുടെ മാത്രം വേഷമായിട്ടാണ് പരിഗണിച്ചിരുന്നത്.

മി. സ്പീക്കർ : കോൺഗ്രസ്സുകാർ മാത്രമല്ല, നമ്മൾ എല്ലാവരും ഖാദിയാണ് ധരിക്കുന്നത്.

ശ്രീമതി റോസമ്മ ചാക്കോ : എന്നാൽ അങ്ങനെയല്ല, ഇപ്പോൾ ഒരു ഫാഷനായി എല്ലാവരും അത് ഉപയോഗിക്കാൻ തുടങ്ങിയിട്ടുണ്ട്. പ്രത്യേകിച്ചും കലാലയങ്ങളിൽപോകുന്ന കുട്ടികളും ഉദ്യോഗസ്ഥരും അനുദ്യോഗസ്ഥരുമായിട്ടുള്ള വരും പെൺകുട്ടികളൊക്കെ ഖാദി സ്റ്റോറിൽ ചെന്ന് ഖാദി സാരികൾക്കുവേണ്ടി ബഹളം കൂട്ടുന്നത് കാണാം. എന്നാൽ നല്ല ഡിസൈൻ ഖാദിയിൽ ഇല്ലാത്തതുകൊണ്ട് പലരും അത് വാങ്ങാതെ നിരാശരായി മടങ്ങിപോകുന്നുമുണ്ട്. അതുകൊണ്ട് ഈ ഖാദിമേഖലയിൽ നല്ല പട്ടുസാരികളും നല്ല കോട്ടൺ സാരികളും നല്ലയിനം ഡിസൈനുകളിട്ട് ആകർഷകമായ രീതിയിൽ പുറത്തിറക്കിയാൽ അതിന് നല്ല ഡിമാന്റുണ്ടാകും. അതുകൊണ്ട് അക്കാര്യം ബഹുമാനപ്പെട്ട മന്ത്രി ശ്രദ്ധിക്കുമോ?

ശ്രീമതി സുശീലാഗോപാലൻ : സിൽക്ക് വീവിംഗിനുള്ള ചില നടപടികളെടുത്തുവരികയാണ്. ചില സൊസൈറ്റികളെല്ലാം ഇപ്പോൾ സിൽക്ക് വീവിംഗ് നടത്തുന്നുണ്ട്. അത് കൂടുതൽ വ്യാപകമാക്കാൻ, പ്രത്യേകിച്ചും സെറികൾച്ചർകൂടി ബന്ധപ്പെടുത്തി വ്യാപകമാക്കാനുള്ള പരിശ്രമം നടത്തിക്കൊണ്ടിരിക്കുകയാണ്.

ശ്രീ. കെ. പി. രാജേന്ദ്രൻ : സർ, വളരെയേറെ തൊഴിലാളികൾ ഖാദി മേഖലയിൽ പണിയെടുക്കുന്ന പഞ്ചായത്താണ് ഞങ്ങളുടെ ആവണിശ്ശേരി

പഞ്ചായത്ത് ശ്രീകൃഷ്ണപുരം ഡ്രസ്സുകളുടെയൊക്കെ നാട്. അവിടെയുള്ള മിക്കവാറും യൂണിറ്റുകളിലും പണിയെടുക്കുന്ന തൊഴിലാളികൾക്ക് ഇപ്പോൾ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതുപോലെ ഒരു ദിവസം 15 രൂപ 20 രൂപ നിരക്കിൽവച്ച് വേതനം കിട്ടുന്നുണ്ട്. അവിടെ വളരെയേറെ തൊഴിലാളികളുണ്ട്. എന്നാൽ ആ യൂണിറ്റ് കുറേക്കൂടി നവീകരിക്കണമെന്നുപറയുമ്പോൾ അതിന് അവർ പല പദ്ധതികളും ആവിഷ്കരിച്ച് കൊടുക്കുന്നുണ്ട്. പക്ഷെ അതിന് കേന്ദ്രഗവൺമെന്റിൽനിന്നുള്ള സഹായം ലഭിക്കുന്നില്ല. കേന്ദ്രഗവൺമെന്റിൽ നിന്നുള്ള സഹായം ചില പ്രത്യേക സംഘങ്ങൾക്കും ചില കേന്ദ്രങ്ങൾക്കും മാത്രമാണ് കിട്ടുന്നതെന്ന് തോന്നുന്നു. അതുകൊണ്ട്. അത്തരം പുതിയ പദ്ധതികൾ നടപ്പാക്കുന്നതിനുള്ള പ്രോജക്ടുകൾ കൊണ്ടുവന്നാൽ സംസ്ഥാന ഗവൺമെന്റിന് അതിനു എന്തെങ്കിലും സഹായം കൊടുക്കാൻ കഴിയുമോ യെന്ന് അങ്ങേയ്ക്ക് പറയാൻ കഴിയുമോ?

ശ്രീമതി സുശീലാഗോപാലൻ : ഇതിനുള്ള പ്രത്യേക ബുദ്ധിമുട്ട് എന്താണെന്നുവച്ചാൽ, ഈ യന്ത്രവൽക്കരിച്ച ഉല്പാദനം അത് ഖാദി കമ്മീഷൻ അംഗീകരിക്കുന്നതേയില്ല എന്നതാണ് പ്രധാനപ്പെട്ട പ്രശ്നം. ഇപ്പോൾ നവീകരണത്തിനായി നമ്മൾ ഒരു സ്കീമുണ്ടാക്കിയാലും അതിന് അവരുടെ സഹായം കിട്ടാൻ യാതൊരു സാദ്ധ്യതയുമില്ല. അവരുടെ പഴയ കാലത്തെ ആ ചിന്താഗതിയിൽനിന്നും മാറ്റമുണ്ടാക്കേണ്ടതായിട്ടുണ്ട്. അവരുടെ പഴയകാലത്തെ ആ ചിന്താഗതിയിൽ മാറ്റം വരുത്തണമെന്നാണ് നമ്മൾ ആവശ്യപ്പെടുന്നത്. അങ്ങനെ വന്നുകഴിഞ്ഞാൽ അവരുടെ സഹായം കിട്ടും. അങ്ങനെ എന്തെങ്കിലും അക്കാര്യത്തിൽ ചെയ്യാൻ പറ്റും. അല്ലെങ്കിൽ ആ നവീകരണത്തിനുചെലവാകുന്ന തുകയുടെ മുഴുവൻ ബാദ്ധ്യതയും സംസ്ഥാന ഗവൺമെന്റ് തന്നെ ഒറ്റയ്ക്ക് ഏറ്റെടുക്കേണ്ടിവരും.

ശ്രീ. സി.ടി. അഹമ്മദ് അലി : ഖാദി ഉല്പന്നങ്ങളുടെ മാർക്കറ്റിംഗ് വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി വിദേശരാജ്യങ്ങളിലേക്ക് ഖാദി ഉല്പന്നങ്ങൾ കയറ്റി അയക്കുന്നതിനുവേണ്ടി എന്തെല്ലാം നടപടികളും പ്രോത്സാഹനങ്ങളുമാണ് ഗവൺമെന്റ് നടത്തിവരുന്നത്; അതിന്റെ കയറ്റുമതി എത്ര വർദ്ധിച്ചിട്ടുണ്ടെന്നും അതോടൊപ്പംതന്നെ ഏറ്റവും നല്ല മോഡേൺ ഡിസൈനുകൾ തയ്യാറാക്കി ഖാദി വസ്ത്രങ്ങൾ കൂറേക്കൂടി ആകർഷകമാക്കുന്നതിനും നമ്മുടെ സ്കൂളുകളിലും കോളേജുകളിലും കുട്ടികളുടെ യൂണിഫോം ഖാദി കൊണ്ടുള്ളതായിരിക്കണമെന്ന് നിഷ്കർഷിക്കുന്നതിനും ആവശ്യമായ നടപടി ഗവൺമെന്റ് സ്വീകരിക്കുമോ?

ശ്രീമതി സുശീലാ ഗോപാലൻ : വിദേശത്തേയ്ക്ക് കയറ്റി അയയ്ക്കുന്നതിനുള്ള സാദ്ധ്യതാ അഖിലേന്ത്യാതലത്തിൽ കുറച്ച് ഖാദി ഉല്പന്നങ്ങൾ കയറ്റി അയയ്ക്കുന്നു എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അതേകുറിച്ച് പൂർണ്ണമായ വിവരം അറിയില്ല. പിന്നെ മറ്റൊരു കാര്യം പറഞ്ഞത് സ്കൂളുകളിലേയും കോളേജുകളിലെയും വിദ്യാർത്ഥികളുടെ യൂണിഫോം ഖാദി കൊണ്ടുള്ളതായിരിക്കണമെന്ന് നിഷ്കർഷിക്കുന്നതിനെക്കുറിച്ചാണ്. സ്കൂളുകളിലെയും കോളേജുകളിലെയും വിദ്യാർത്ഥികളുടെ യൂണിഫോം ഖാദികൊണ്ടുള്ളതായിരിക്കണമെന്ന് നിഷ്കർഷിക്കണമെന്നുള്ള ആവശ്യം ഖാദിയുടേയും കൈത്തറിയുടേയും രംഗത്തുനിന്ന് വളരെ നാളുകളായിട്ട് ഉണ്ടായിട്ടുള്ള ഒന്നാണ്. ഇത് എങ്ങനെ ചെയ്യാമെന്നതിനെക്കുറിച്ച് നമുക്ക് ആലോചിക്കാവുന്നതാണ്. എന്നാൽ സ്കൂളുകളിൽ ഇത് നിർബന്ധിച്ച് നടപ്പിലാക്കാൻ നമുക്ക് പ്രയാസമായിരിക്കും. കാരണം ഓരോ സ്കൂളിലെയും വിദ്യാർത്ഥിക

LIBRARY ARCHIVES Kerala Legislative Assembly

ളുടെ യൂണിഫോം സെലക്റ്റ് ചെയ്യുന്നത് അതാത് സ്കൂളുകളിലെ മാനേജ്മെന്റ് ആണ്. അവരാണ് അതിന്റെ തരവും നിറവും മറ്റുകാര്യങ്ങളുമൊക്കെ തീരുമാനിക്കുന്നത്. അതുകൊണ്ട് ഇക്കാര്യത്തിൽ അവരെ പ്രേരിപ്പിക്കാൻ കഴിയുമോയെന്ന് നോക്കുകയാണ് കരണീയമായിട്ടുള്ളത്.

ശ്രീ. സി.കെ. രാജേന്ദ്രൻ : സർ, നമ്മുടെ സംസ്ഥാനത്ത് ഖാദിയുടെ റിബേറ്റിന്റെ പേരിൽ വൻതോതിലുള്ള വെട്ടിപ്പ് ചില സംഘങ്ങളിൽ നടന്നിട്ടുണ്ട്. ഇത്തരം വെട്ടിപ്പുകളെ സംബന്ധിച്ച് അന്വേഷിച്ചപ്പോൾ എന്തെങ്കിലും ക്രമക്കേടുകൾ നടന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിൻമേൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ശ്രീമതി സുശീലാ ഗോപാലൻ : ഏറ്റവും വലിയ വെട്ടിപ്പ് ഈരംഗത്ത് നടത്തിയിരിക്കുന്നത് നമ്മുടെ കൈത്തറി മേഖലയിലാണ്. അതിന് ആവശ്യമായ ചെക്കിംഗ് ഒക്കെ നടത്തി, ഇപ്പോൾ കുറേയധികം കുറഞ്ഞിട്ടുണ്ട്. പക്ഷെ ഇനിയും പൂർണ്ണമായിട്ടില്ല. ഖാദി മേഖലയെ സംബന്ധിച്ചിടത്തോളം അത്ര വലിയ ആക്ഷേപങ്ങളൊന്നും വന്നിട്ടില്ല. എന്തെങ്കിലും പ്രത്യേകമായ ആക്ഷേപമോ മറ്റോ ഉണ്ടെങ്കിൽ അതേക്കുറിച്ച് പരിശോധിച്ച് വേണ്ടത് ചെയ്യാം.

ശ്രീ. കെ.എ. ചന്ദ്രൻ : സർ, ഖാദി ധരിക്കുന്നത് മാന്യതയുടെ ലക്ഷണമാണ്. ശുദ്ധമായ ഖാദി ആവശ്യക്കാർക്കു ലഭിക്കുന്നില്ല. ഇതിന്റെ പിന്നിൽ പ്രവർത്തിക്കുന്ന ആളുകൾ പരമദാരിദ്ര്യത്തിൽ കഴിയുന്നവരാണ്. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി നിർദ്ദേശിച്ചതുപോലെ അര ഹോഴ്സ് പവർ മോട്ടോർ പ്രവർത്തിപ്പിച്ച് നൂൽനൂൽക്കുകയും നെയ്യുകയും ചെയ്യുന്ന സംവിധാനം ഖാദി കമ്മീഷന്റെ എതിർപ്പുണ്ടെങ്കിലും സംസ്ഥാന ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസ് ബോർഡോ സർക്കാർ നേരിട്ടോ ഏർപ്പെടുത്തുകയും ചെയ്ത് ശുദ്ധമായ ഖാദി ഉല്പാദിപ്പിക്കുന്ന തൊഴിലാളികൾക്ക് മാന്യമായ വേതനം ഉണ്ടാക്കികൊടുക്കുന്നതിനുള്ള ഒരു പദ്ധതി തയ്യാറാക്കി നടപ്പിലാക്കാൻ ശ്രമിക്കുമോ?

ശ്രീമതി സുശീലാ ഗോപാലൻ : ഇതേക്കുറിച്ച് ഞാൻ നേരത്തെതന്നെ പറഞ്ഞു, ഇക്കാര്യത്തിൽ വളരെ ശക്തമായി നമുക്ക് ആലോചിക്കേണ്ടതുണ്ട്. നമുക്ക് പരിമിതികളുണ്ട്. അതുകൊണ്ട് ഇക്കാര്യത്തിനായി സമ്മർദ്ദം ചെലുത്തേതുണ്ട്. അതേക്കുറിച്ച് എന്തായാലും ആലോചിക്കാം.

ശ്രീ. സി.പി. ബാലൻ വൈദ്യർ : ഖാദി കൃത്രിമത്തെക്കുറിച്ച് ഇവിടെ പറയുകയുണ്ടായി. ഖാദിവസ്ത്രത്തിൽ കൃത്രിമമുണ്ട്. ഞാൻ സ്കൂളിൽ പഠിച്ചിരുന്ന കാലത്തൊക്കെ സ്കൂളിൽ ഞങ്ങളെല്ലാവരും നിർബന്ധമായി നൂൽനൂറ്റിരുന്നു. നൂറ്റനൂൽകൊണ്ട് ഉണ്ടാക്കിയ വസ്ത്രം വാങ്ങി ധരിച്ചകൂട്ടത്തിലാണ് ഞാൻ. ഇപ്പോൾ അപ്പുറത്തിരുന്നുകൊണ്ട് പലരും ഖാദി ധരിക്കുന്നത് സംബന്ധിച്ച് പറയുന്നുണ്ടെങ്കിലും സ്വന്തമായി നൂൽനൂറ്റ് ആ നൂൽകൊണ്ട് ഉണ്ടാക്കിയ വസ്ത്രം ധരിച്ച ആളാണ് ഞാൻ. ഞാൻ സൂചിപ്പിച്ചത് അക്കാലത്ത് ഇത് ആവശ്യമായിരുന്നു. ഇന്ന് ഖാദി നൂൽനൂറ്റ് അതുമായി ബന്ധപ്പെട്ട് തൊഴിലെടുക്കുന്നവർ ഇവിടെ സൂചിപ്പിച്ചതുപോലെ മഹാദാരിദ്ര്യത്തിലാണ്. അതുകൊണ്ട് എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത് ഈ മേഖലയുമായി ബന്ധപ്പെട്ടവരെയെല്ലാം വിളിച്ചുകൂട്ടി അല്പം സാങ്കേതിക വൈദഗ്ദ്ധ്യംകൂടി ഇതിൽ ഉപയോഗിച്ച് തൊഴിൽചെയ്തുകൊണ്ട്, ഈ മേഖലയിൽ പണിയെടുക്കുന്നവരുടെ വരുമാനം വർദ്ധിച്ചുകിട്ടുന്നതിനുവേണ്ടി,

LIBRARY ARCHIVES Kerala Legislative Assembly

അവർക്ക് കൂടുതൽ വേതനം കിട്ടത്തക്കനിലയിൽ ഒരു സംവിധാനമുണ്ടാക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീമതി സുശീലാ ഗോപാലൻ : അവരാരും ഇക്കാര്യം ചെയ്യുന്നതിന് എതിരല്ല, പക്ഷെ ഖാദി കമ്മീഷന്റെയും കേന്ദ്ര ഗവൺമെന്റിന്റെയും സമീപനത്തിലാണ് മാറ്റം വരുത്തേണ്ടത്. സാങ്കേതികമായ സമ്പ്രദായം ഈ മേഖലയിൽ നടപ്പാക്കണമെന്ന് ഞാൻ പങ്കെടുത്ത എല്ലാ യോഗങ്ങളിലും വളരെ ശക്തമായിതന്നെ അവതരിപ്പിച്ചിട്ടുണ്ട്. അത് അങ്ങനെയൊരു അഭിപ്രായമായിട്ട് അവരെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. ഇനിയും വേണമെങ്കിൽ അറിയിക്കുകയും ചെയ്യാം.

മി. സ്പീക്കർ : ഇക്കാര്യത്തെ സംബന്ധിച്ച് എല്ലാവരെയും വിളിച്ച് കൂട്ടി ചർച്ച ചെയ്യുമ്പോൾ ബാലൻ വൈദ്യരെയും കൂടി വിളിക്കണം. യേസ്, ചോദ്യം 473, ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ, ബഹുമാനപ്പെട്ട വ്യവസായ വകുപ്പു മന്ത്രി.

സ്ത്രീധന നിരോധന നിയമം

3 (*473) ശ്രീ. സത്യൻ മൊകേരി :
പ്രൊഫസർ മീനാക്ഷി തമ്പാൻ :
ശ്രീ. എം. നാരായണൻ : (ഹോസ്ദുർഗ്ഗ്)
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :
ശ്രീ. പി. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്ത്രീധന നിരോധന നിയമങ്ങളും ചട്ടങ്ങളും ഫലപ്രദമയി നടപ്പിലാക്കുന്നതിന് വേണ്ടി നിയമങ്ങൾ അനുശാസിക്കുന്ന തരത്തിലുള്ള ഉപദേശക സമിതികൾ രൂപീകരിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇത്തരം ഉപദേശകസമിതികൾ രൂപീകരിക്കാതിരിക്കുന്നതിനുള്ള കാരണം എന്താണെന്ന് വ്യക്തമാക്കുമോ;

(സി) സ്ത്രീധന നിരോധനനിയമം കർശനമായി നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്ന് വിശദീകരിക്കുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) :

(എ)&(ബി) 13 റവന്യൂ ഡിവിഷനുകളിൽ ഉപദേശക സമിതികൾ രൂപീകരിച്ച് ഇതിനകം ഉത്തരവായിട്ടുണ്ട്. സർക്കാർ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. †ബാക്കിയുള്ള 8 ഡിവിഷനുകളിലും ഉപദേശക സമിതികൾ ഉടനെ രൂപീകരിക്കുന്നുണ്ട്.

(സി) സ്ത്രീധന നിരോധന നിയമം കർശനമായി നടപ്പിലാക്കുന്നതിനുവേണ്ടി സംസ്ഥാനത്ത് റവന്യൂ ഡിവിഷണൽ ഓഫീസർ, സബ് കളക്ടർ എന്നിവരെ ഡൗറി പ്രൊഹിബിഷൻ ഓഫീസർമാരായും, സാമൂഹ്യക്ഷേമ ഡയറക്ടറെ ചീഫ് ഡൗറി പ്രൊഹിബിഷൻ ഓഫീസറായും നിയമിച്ചിട്ടുണ്ട്. സ്ത്രീധനപീഡനം സംബന്ധിച്ച് ലഭിച്ച പരാതികളിന്മേൽ നിയമാനുസൃതമായ

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly